


# സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ



# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ സമഗ്രവികാസത്തിൽ ശാരീരിക, ബൗദ്ധിക, മാനസിക, വൈകാരിക സാമൂഹിക ഘടകവികാസമേഖലയാണ് ലക്ഷ്യം വയ്ക്കുന്നത്.

പാഠപുസ്തകത്തിൽ നിന്നുള്ള അറിവിന്റെ സ്വാംശീകരണത്തോടൊപ്പം ആരോഗ്യം, വ്യായാമം, കായികക്ഷമത, ആഹാരശീലം, ലഹരിക്കെതിരായ ബോധവത്കരണം, വ്യക്തിശുചിത്വം, ഹരിത ക്യാമ്പസും എന്നീ വിഷയങ്ങളെല്ലാം ഓരോ കുട്ടി~~യുടെ~~യും അറിവിന്റെയും ധാരണയുടെയും ഭാഗമാക്കണം. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ തരത്തിൽ എല്ലാ കുട്ടികളെയും പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ ഓരോ ക്ലാസ്മുറിയിലും വിഭാവനം ചെയ്ത് നടപ്പിൽ വരുത്തണം. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ പാഠ്യേതര പ്രവർത്തനങ്ങളെ കോർത്തിണക്കി വിദ്യാലയത്തെ സമൂഹത്തിന്റെ മുന്നിൽ ഉയർത്തിക്കൊണ്ടുവരാൻ ഈ മാസ്റ്റർ പ്ലാൻ ഉപകാരപ്പെടട്ടെ എന്നാശംസിച്ചുകൊണ്ട് സമർപ്പിക്കുന്നു.

# സെന്റ് ക്ലയേഴ്സ് സി. എൽ. പി. എസ്
# തൃശൂർ.

ഈശ്വരവിശ്വാസത്തിലൂന്നി. വിജ്ഞാനവെളിച്ചം പകർന്നേകുക എന്ന ദർശനത്തെ ഉൾക്കൊണ്ട് സാക്ഷരകേരളത്തിന്റെ അഭിമാനമായി. സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു കൊച്ചു വിദ്യാനികേതനമാണ് സെന്റ് ക്ലയേഴ്സ് സി.എൽ.പി സ്കൂൾ. 1924-ൽ ജൂൺ മാസത്തിൽ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷൻ തൃശ്ശൂർ അസ്സീസി പ്രൊവിൻസാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 101-ാം വയസ്സിലെത്തി നിൽക്കുന്ന ഈ വിദ്യാലയ മുത്തശ്ശി ഒത്തിരി കുരുന്നുകളെ അക്ഷരമുറ്റത്ത് കൈപിടിച്ചുയർത്തുന്നു.

## അടിസ്ഥാന വിവരങ്ങൾ :-

സ്കൂളിന്റെ പേര് : സെന്റ് ക്ലയേഴ്സ് സി.എൽ. പി. തൃശൂർ.

ഹെഡ്മിസ്ട്രസ് : സി. മാഗി. പി.ജെ.

സ്കൂൾ കോഡ് : 22412

വിദ്യാഭ്യാസ ജില്ല : തൃശൂർ ഈസ്റ്റ്

യു.ആർ.സി : തൃശൂർ.

ഇ.മെയിൽ :

കുട്ടികളുടെ എണ്ണം : ആൺകുട്ടികൾ - 124
പെൺകുട്ടികൾ - 192
ആകെ - 316

അധ്യാപകരുടെ എണ്ണം :- 13

## പൊതുലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നു ഉറപ്പു വരുത്തുക
* എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ഉറപ്പുവരുത്തുക
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.
* ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.
* എല്ലാ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി വർക്ക് ഷീറ്റുകൾ പാഠഭാഗങ്ങൾക്കനുസൃതമായി ലഭ്യമാക്കുക.
* വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിറുത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങളെ മാറ്റുക.
* ഹരിതപെരുമാറ്റചട്ടം പാലിച്ച് സമ്പൂർണ്ണപ്ലാസ്റ്റിക് നിരോധനം ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കുക
* ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ ബോധവൽക്കരണം നൽകുക.

# അക്കാദമിക ലക്ഷ്യങ്ങൾ.

## ഭാഷാവികസനം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമായ ആശയവിനിമയശേഷി നേടി എന്ന് ഉറപ്പു വരുത്തുക.
* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
* സർഗ്ഗാത്മരചനയ്ക്കുള്ള അവസരം നൽകുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* മികച്ച വായനാശീലം വളർത്തുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

## പരിസരപഠനം.

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക.
* ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക.
* ലാബ് സജ്ജമാക്കുക.

## ഗണിതം

* അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

## കായികം

* എല്ലാ കുട്ടികൾക്കും കായികക്ഷമത വളർത്തുക.
* ആരോഗ്യശീലങ്ങൾ വളർത്തുക.

# മലയാളം.

മേഖല - വായന
പേര് - വായനക്കൂടാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമഗ്രി |
|---|---|---|---|---|
| കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക. | വായനാമൂല ഒരുക്കൽ | June | ക്ലാസ് ടീച്ചർ | |

മേഖല - ലേഖനം
പേര് - വായന ഒരു ലഹരി

| | | | | |
|---|---|---|---|---|
| വായനാക്കുറിപ്പ് ലിഖിതരൂപത്തിൽ അവതരിപ്പിക്കുന്നു. | വായിച്ച പുസ്തകത്തിന്റെ ആശയം വായനാക്കുറിപ്പായി രേഖപ്പെടുത്തുന്നു. | June to August | ക്ലാസ് ടീച്ചർ. | |

മേഖല - സർഗാത്മപ്രകടനം
പേര് - റീഡേഴ്സ് തിയേറ്റർ.

| | | | | |
|---|---|---|---|---|
| വായിച്ച ആശയങ്ങൾ വ്യത്യസ്ത വ്യവഹാര രൂപത്തിലൂടെ അവതരിപ്പിക്കുന്നു. | കഥാ സന്ദർഭങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി എഴുതി വേദിയിൽ അവതരിപ്പിക്കുന്നു. | August to December | | |

# English

<table>
<tr><td colspan="5">മേഖല : വായന<br>പേര് : ഉച്ചഭാഷിണി വായന</td></tr>
<tr><td>ലക്ഷ്യം</td><td>പ്രവർത്തനങ്ങൾ</td><td>കാലം</td><td>ചുമതല</td><td>സാമ്പത്തി</td></tr>
<tr><td>അർത്ഥം പൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു.</td><td>ഉച്ചഭാഷിണിയിലൂടെ കുട്ടികൾ വായിച്ച് അവതരിപ്പിക്കുന്നു. (ഇംഗ്ലീഷ് & മലയാളം)</td><td>എല്ലാ ആഴ്ചയിലും (വ്യാഴം - 3.10pm)</td><td>Malayalam & English club</td><td></td></tr>
<tr><td colspan="5">മേഖല : ആശയപ്രകടനം<br>പേര് : ഇംഗ്ലീഷ് അസംബ്ലി</td></tr>
<tr><td>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുന്നു.</td><td>എല്ലാ ബുധനാഴ്ചയും ഇംഗ്ലീഷ് day ആയി ആചരിക്കുന്നു. അസംബ്ലിയിലെ മുഴുവൻ പ്രവർത്തനങ്ങളും കുട്ടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.</td><td>June to March.</td><td>Teachers</td><td></td></tr>
<tr><td colspan="5">മേഖല : സർഗ്ഗാത്മ പ്രകടനം.<br>പേര് : ഇംഗ്ലീഷ് ഫെസ്റ്റ്</td></tr>
<tr><td>ഇംഗ്ലീഷ് ഭാഷ സ്വന്തമായി കൈകാര്യം ചെയ്യാനുള്ള അവസരം നൽകുന്നു.</td><td>ഇംഗ്ലീഷ് ഭാഷയിൽ പരിപാടികൾ അവതരിപ്പിച്ച് ഇംഗ്ലീഷ് Fest നടത്തുന്നു.</td><td>August-IV<br>October-III<br>December-II<br>February-I</td><td>H.M and Teachers.</td><td></td></tr>
</table>

# ഗണിതം.

മേഖല : ഗണിത കേളികൾ.
പേര് : ഗണിത കിറ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന്. | എല്ലാ ക്ലാസിലും ഗണിത കിറ്റുകൾ ക്രമീകരിക്കുന്നതിന് (കളിനോട്ടുകൾ, കാർഡുകൾ, മഞ്ചാടി....) | ജൂൺ. | Teachers | |

മേഖല : ഗണിത വ്യവഹാര ക്രിയകളിലേർപ്പെടുന്നു
പേര് : വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| | | | | |
|---|---|---|---|---|
| പാഠ്യപദ്ധതിയിലെ എല്ലാ നേട്ടങ്ങളും എല്ലാ കുട്ടികൾക്കും ലഭ്യമാക്കുക. | എല്ലാ യൂണിറ്റിലെയും പഠനനേട്ടവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ജൂൺ to മാർച്ച് | Teachers | |

മേഖല : ഗണിത ശേഷികളുടെ പ്രകടനം.
പേര് : യുക്തി ചിന്താ വികാസം.

| | | | | |
|---|---|---|---|---|
| കൈവരിച്ച ഗണിതശേഷികളുടെ പ്രയോഗം | എല്ലാ വ്യാഴാഴ്ചകളിലും അസംബ്ലിയിൽ ഗണിതവുമായി ബന്ധപ്പെട്ട പസിലുകളും ഗണിത കേളികളും കുസൃതി ചോദ്യങ്ങളും അവതരിപ്പിക്കുന്നു. | എല്ലാ ആഴ്ചയിലും (വ്യാഴം) | ഗണിത ക്ലബ്ബ്. | |

# പരിസര പഠനം.

| | | | | |
|---|---|---|---|---|
| മേഖല : ലാബ് ശാക്തീകരണം.<br>പേര് : ശാസ്ത്ര പഠനോപകരണ ശേഖരണം. | | | | |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി. |
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക | ശാസ്ത്ര പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ ശേഖരിച്ച് ലാബിൽ ക്രമീകരിക്കുന്നു. | June July. | സയൻസ് ക്ലബ്. | |
| മേഖല: ശാസ്ത്ര അവബോധം വളർത്തുന്നു.<br>പേര്: എന്റെ പരീക്ഷണം. | | | | |
| പരീക്ഷണം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു. | ശാസ്ത്ര പഠന താൽപര്യം വർദ്ധിപ്പിക്കുന്നതിനായി വിവിധ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുകയും കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. | June to March | class Teachers | |
| മേഖല : അന്വേഷണ തൽപരത വളർത്തുന്നു.<br>പേര് : എന്ത്? എന്തുകൊണ്ട്? | | | | |
| അന്വേഷണ തൽപരത വളർത്തി അറിവുനേടുക | ശാസ്ത്ര അന്വേഷണ തൽപരതയും അറിവു സ്വാംശീകരണവും വർദ്ധിപ്പിക്കുന്നതിനായി എല്ലാ മാസവും 10–20 തിയതി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. | മാസം തോറും 10–20 തിയതി | H.M. | |

# തനതുപ്രവർത്തനം.

മേഖല : സർഗ്ഗാത്മകത.
പേര് : സർഗ്ഗലിപി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗാത്മ കഴിവുകൾ വികസിപ്പി-ക്കുന്നതിന് | ഉപന്യാസ രചനാ പതിപ്പ് വിഷയം: എന്റെ വിദ്യാലയം | July. | Class Teachers. | |
| | കവിതാ രചന വിഷയം : ആകാശം | August. | | |
| | നാടൻ പാട്ടുകളുടേയും നാടൻ കളികളുടേയും അവതരണം. | September | | |
| | ഗാന്ധിജിയുടെ ജീവിതത്തിലെ ചെറിയ ചെറിയ സംഭവങ്ങളുടെ തിരക്കഥ തയ്യാറാക്കി നാടകം അവതരിപ്പിക്കുന്നു. | October. | | |
| | കുട്ടികളിലെ വ്യക്തിഗത സർഗ്ഗാത്മക പ്രകടനം (കഥാകഥനം, പ്രസംഗം കവിതാലാപനം....) | November. | | |
| | പഠനോത്സവം | January. | | |
| | ഡിജിറ്റൽ മാഗസിൻ പ്രകാശനം. | February | | |

# കായിക വിദ്യാഭ്യാസം.

മേഖല : കായികാരോഗ്യം

ഗോൾ: ലഘു വ്യായാമങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം. | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും കായിക ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി ലഘുവ്യായാമങ്ങളും നിത്യവും പരിശീലിപ്പിക്കുന്നു. | എല്ലാ ആഴ്ചയിലും. | H.M & Teachers. | |